**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്രധാനമന്ത്രി ആവാസ് യോജന ഭവന (ഗ്രാമീൺ) - പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 2015-16 ലെ ധനസഹായം നൽകുന്നതിന് 2016-2017 സാമ്പത്തിക വർഷത്തിൽ PMAY പദ്ധതി ഇനത്തിൽ നിന്നും 20.5123 കോടി രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.824/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി,20-3-2017**

==========================================================================

പരാമർശം: - ബഹു.പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ, സാംസ്കാരിക വിഭാഗ, നിയമ വകുപ്പ് മന്ത്രിയും ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയും 9.3.2017 ൽ കൂടിയ യോഗ തീരുമാനം.

**ഉത്തരവ്**

2015-16 സാമ്പത്തിക വർഷത്തെ PMAY പദ്ധതിപ്രകാരമുള്ള പട്ടിക വർഗ്ഗ വിഭാഗം വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 27 കോടി രൂപ കൂടി ആവശ്യമുണ്ടെന്ന് ഗ്രാമവികസന വകുപ്പ് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിനെ അറിയിച്ചിരുന്നു.

2. 2016 – 2017 വർഷത്തെ പ്ലാനിൽ PMAY പദ്ധതിയിനത്തിൽ നീക്കി വച്ച 20 കോടി രൂപക്കുള്ള ആവശ്യം ഗ്രാമ വികസന വകുപ്പ് ഉന്നയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2015-16 ലെ കമ്മിറ്റഡ് എക്സ്പൻഡീച്ചർ നൽകേണ്ടതിലേക്ക് 2016-17 ലെ പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണോ എന്നത് സംബന്ധിച്ച 09-03-2017-ന് ബഹു.പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ, സാംസ്കാരിക, നിയമ, വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

3. പ്രസ്തുത യോഗത്തിൽ 2015-2016-ലെ കുടിശ്ശികയുള്ള പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് IAY/PMAY ഭവനത്തിന് 20.5123 കോടി രൂപ നൽകാൻ തീരുമാനിക്കുകയുണ്ടായി. 2015-2016 ൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ 4395 ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപ വീതം 43.95 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അതിൽ 27.02 (43.95-16.93) കോടി രൂപയാണ് ആവശ്യമുള്ളത്. ഇപ്പോഴത്തെ 20.5123 കോടി കഴിച്ച് ബാക്കി 6.5077 കോടി രൂപ 2017 ഏപ്രിൽ മാസത്തിൽ തന്നെ പട്ടികജാതി - പട്ടികവർഗ്ഗവകുപ്പിൽ അനുവദിക്കേണ്ടതുണ്ട്. തല്ക്കാലം 20.5123 കോടി രൂപ ഉപയോഗപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിക്കാൻ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു.

4. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തെ പ്ലാനിൽ

PMAY പദ്ധതിയിനത്തിൽ നീക്കി വച്ച തുകയിൽ നിന്നും 2015-16 ലെ കമ്മിറ്റഡ് എക്സപൻഡിച്ചർ നൽകുന്നതിലേക്കായി 20.5123 കോടി രൂപ (ഇരുപത് കോടി അമ്പത്തൊന്നു ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ടി കെ ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം
4. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്